മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : സർ, മുണ്ടോളിക്കടവ് പാലത്തിന്റെയും റോഡിന്റേയും നിർമ്മാണത്തിനായി 37 ലക്ഷം രൂപയുടെ ഭരണാനുമതി ഗവൺമെന്റിൽ നിന്നും നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(26) ചേർപ്പിൽ വിദ്യുച്ഛക്തി സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. രാജൻ : സർ, ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണിയണമെന്ന ആവശ്യം നിരവധി വർഷങ്ങളായി നിലനിൽക്കുകയാണ്. ഈ ചേർപ്പ് കോൾ കർഷകകേന്ദ്രമാണ്. ഇതിന്റെ ആവശ്യകത എത്ര ബോദ്ധ്യപ്പെടുത്തിയിട്ടും നാളിതുവരെ ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. അതിനാൽ അടിയന്തിരമായി ചേർപ്പിൽ ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ശിവദാസമേനോൻ) : സർ, ചേർപ്പിൽ ഒരു 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് നിരവധി അപേക്ഷകൾകിട്ടിയിട്ടുണ്ട്. അതിന്റെ സാങ്കേതിക പഠനം നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(27) ലേബർ വകുപ്പിന്റെ ഓഫീസ് കോംപ്ലക്സിനിട്ട തറക്കല്ല്

ശ്രീ. എം. എം. ഹസ്സൻ : സർ, നമ്മുടെ നിയമസഭാ കോംപ്ലക്സിനടുത്ത് പഴയം ഫ്ളൈ ഓവറിന് പടിഞ്ഞാറ് പോലീസ് ക്വാർട്ടേഴ്സ് മന്ദിരങ്ങളുടെ ഇടയ്ക്ക് കിടക്കുന്ന 55 സെന്റ് സ്ഥലം ലേബർ ഡിപ്പാർട്ടുമെന്റിന് റവന്യൂ വകുപ്പ് വിട്ടുകൊടുത്തു. അവിടെ ലേബർ വകുപ്പിന്റെ ഒരു ഓഫീസ് കോംപ്ലക്സിന് ശിലാസ്ഥാപനം നടത്താൻ രണ്ടു മൂന്ന് ദിവസങ്ങൾക്ക് മുൻപ് ഒരു ശിലാഫലകവും ഉണ്ടാക്കിവച്ചു. നിയമസഭയിൽ ചർച്ച വന്നതുകൊണ്ടാണെന്നാണ് പത്രത്തിൽ കണ്ടത്, ആ ശിലാസ്ഥാപനം മാറ്റി വച്ചു. പക്ഷെ പോലീസുകാർ അത് അടിച്ചുടച്ചു നാശമാക്കി, അവിടത്തെ ഉദ്യോഗസ്ഥൻമാരെയൊക്കെ ഭീഷണിപ്പെടുത്തിയതായി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ശിലാഫലകം ഇടിച്ചുനിരത്തി വാഴ വച്ചു. സർ, ഒരു ഗവൺമെന്റ് ഓഫീസ് കോംപ്ലക്സിന് തറക്കല്ലിടാനുള്ള ശിലാഫലകം അടിച്ചുതകർക്കുക എന്നുപറയുന്നത് വളരെ പ്രതിഷേധാർഹമാണ്. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളിൽ കയറി അടിക്കുന്നതൊക്കെ ഇവിടെ ന്യായീകരിക്കാം. പക്ഷെ ഒരു ഗവൺമെന്റിന്റെ തന്നെ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. മാർക്സിസ്റ്റുകാരനല്ലാത്ത ഒരു മന്ത്രിയായതുകൊണ്ടാണോ ഇങ്ങനെ ചെയ്തത് ; എനിക്കറിയില്ല. അത് വളരെ പ്രതിഷേധാർഹമാണ്. അത് സംബന്ധിച്ച് നടപടി കൈക്കൊള്ളണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ : സർ, നിയമസഭാ കോംപ്ലക്സിനടുത്ത് പോലീസ് ക്വാർട്ടേഴ്സിനു സമീപമുള്ള 55 സെന്റ് സ്ഥലം തൊഴിൽവകുപ്പിനു മാർച്ച് 11-ാം തീയതി അനുവദിച്ചുകൊടുത്തതിനെ തുടർന്ന് ഒരു ഓഫീസ് കോംപ്ലക്സിനുവേണ്ട കെട്ടിടത്തിൽ തറക്കല്ലിടാൻ തീരുമാനിക്കുകയും ചെയ്തു. തറക്കല്ലിടാനുള്ള നടപടികൾ തൊഴിൽ വകുപ്പ് ആരംഭിച്ചു. എന്നാൽ ഈ സ്ഥലം പോലീസ് ക്വാർട്ടേഴ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാർക്കിംഗ് സ്പെയ്സായി പോലീസ് വകുപ്പിന്റെ കൈവശത്തിലായിരുന്ന സ്ഥലമായിരുന്നു. ഈ സ്ഥലം പോലീസ് വകുപ്പറിയാതെയാണ് തൊഴിൽവകുപ്പിന് അനുവദിച്ചുകൊടുത്തതെന്നും ഈ സ്ഥലം തൊഴിൽ വകുപ്പിന് അനുവദിച്ചുകൊടുത്തതിനെപ്പറ്റി പോലീസ് വകുപ്പിന് യാതൊരു വിവരവുമില്ലെന്നും പോലീസ് വകുപ്പ് പറയുന്നു. ഈ സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് തർക്കമുള്ളതായി അറിഞ്ഞതിനെ തുടർന്ന് അവിടെ തറക്കല്ലിടാൻ പോകേണ്ടതില്ലെന്ന് തൊഴിൽവകുപ്പു മന്ത്രി ലേബർവകുപ്പ് ഉദ്യോഗസ്ഥൻമാരെ അറിയിക്കുകയും ചെയ്തു. ഈ മാസം 1-ാം തീയതി രാത്രിയിലാണ്, തറക്കല്ലിടാൻവേണ്ടി തയ്യാറാക്കിയിരുന്ന ശിലാഫലകവും മറ്റും ആരോ നശിപ്പിക്കുകയും അവിടെ വാഴ നടുകയും ചെയ്തത്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാനും കുറ്റക്കാരെ കണ്ടുപിടിക്കാനും അടിയന്തിര നടപടി സ്വീകരിക്കുന്നതിന് പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(28) മലബാർ സിമൻറ സ് ജീവനക്കാരെ ഇ. എസ്. ഐ. യിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. കെ. എ. ചന്ദ്രൻ : സർ, മലബാർ സിമൻറ്സ് ഒരു പൊതുമേഖലാ സ്ഥാപനമാണ്. മൈൻസിലും പ്ലാൻറിലുമായിട്ടാണ് ബഹുഭൂരിപക്ഷം തൊഴിലാളികളും ജോലി ചെയ്യുന്നത്. മൈൻസിൽ ജോലിചെയ്യുന്ന ആളുകളുടെ കുടുംബാംഗങ്ങൾക്ക് മൈൻസ് ആക്ടനുസരിച്ച് മെഡിക്കൽ ട്രീറ്റുമെൻറ് കൊടുക്കേണ്ടതുണ്ട്. ഈ രണ്ട് വകുപ്പുകളിലെ ജോലിക്കാർ തമ്മിൽ ട്രാൻസ്ഫറബിളുമാണ്. അതുകൊണ്ട് ഇ.എസ്.ഐ. നടപ്പിലാക്കാൻ സാദ്ധ്യമല്ല, ഇ.എസ്.ഐ. ആശുപത്രിയും അയൽപക്കത്തില്ല, എന്നതിന്റെ പേരിൽ അവിടെയുള്ള നാല് തൊഴിലാളി സംഘടനകളും ചേർന്ന് ഇത് 1984-ൽ കോടതി സ്റേറ വാങ്ങി. ഇപ്പോൾ ആ സ്റേറ വെക്കേറ് ചെയ്തതിനെ തുടർന്ന് കമ്പനി 30,33,926 രൂപ കെട്ടണമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ സംഖ്യയിൽ പത്ത് ലക്ഷത്തോളം രൂപ തൊഴിലാളികളാണ് കൊടുക്കേണ്ടത്. ഈ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് യാതൊരു വിധ ട്രീറ്റുമെൻറും കിട്ടിയിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് ഇടപെട്ട് അവരെ ഇ.എസ്.ഐ. സ്കീമിൽ നിന്ന് ഒഴിവാക്കുകയും ട്രീറ്റുമെൻറ് കിട്ടാത്ത കാലഘട്ടത്തിൽ അവരിൽനിന്ന് പണം വസൂലാക്കുന്നത് നിർത്തലാക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ) : സർ, ഇ. എസ്. ഐ. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം ഇ. എസ്. ഐ. കോർപ്പറേഷനാണ്. ഇ. എസ്. ഐ. കോർപ്പറേഷന്റെ റീജിയണൽ ഡയറക്ടറേറ് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവരുടെ അനുവാദം കൂടാതെ ഒരു സ്ഥാപനത്തേയും ഇ.എസ്.ഐ. ആക്ടിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാന ഗവൺമെൻറിന് അവകാശമില്ല. തൊഴിൽവകുപ്പുമന്ത്രി ചെയർമാനായുള്ള ഒരു സമിതി ഈ കാര്യങ്ങൾ പരിശോധിക്കാറുണ്ട്. എന്നാൽ ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം, 1984 മുതലുള്ള ഇ.എസ്.ഐ. കോർപ്പറേഷന്റെ ഡിമാൻറ് അവർ പരിഗണിക്കാതെ കോടതിയിൽപ്പോയി സ്റേറ വാങ്ങിക്കുകയാണ് ചെയ്തത്. 1989-ൽ സംസ്ഥാന ഗവൺമെൻറിന് ഇത് സംബന്ധിച്ച് ഒരു അപേക്ഷ വന്നു. ഇ.എസ്.ഐ.കോർപ്പറേഷന്റെ റിപ്പോർട്ട് ചോദിച്ചപ്പോൾ അവർ ഇതിനെ ഒഴിവാക്കുന്നതിന് സമ്മതം നൽകിയില്ല

LIBRARY ARCHIVES Kerala Legislative Assembly